**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **09-10-2024 - ൽ മറുപടിയ്ക്ക്**

**കോന്നി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വനം വകുപ്പ് ഭൂമി നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോന്നി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വനം വകുപ്പ് ഭൂമി വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോന്നി അഗ്നിരക്ഷാ നിലയം നിർമ്മാണത്തിനു വേണ്ടി വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ വെബ് പോർട്ടലായ PARIVESH portal- ൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജില്ലാ ഫയർ ഓഫീസർ, പത്തനംതിട്ട 27/08/2024 ലെ DFOPTA/8015/2023 A2 നമ്പർ കത്ത് പ്രകാരം സാങ്കേതിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ ഫയർ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. അപേക്ഷ ഇതുവരെ പോർട്ടലിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഭൂമി എന്നത്തേക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ജില്ലാ ഫയർ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും PARIVESH portal ൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് The Forest Conservation Amendment Act-2023 ന്റെ കീഴിലെ വ്യവസ്ഥകൾ അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ